പാചകവാതക സിലിണ്ടറുകൾ ഘടിപ്പിച്ച് ഓടിക്കുന്ന വാഹനങ്ങൾ

20 [*350]ശ്രീ.തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല വാഹനങ്ങളിലും പാചകവാതക സിലിണ്ടറുകൾ ഘടിപ്പിച്ച് ഓടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. പാചക വാതക സിലിണ്ടറുകൾ ഘടിപ്പിച്ച് ഓടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയിട്ടുണ്ട്.

ചെറുകിട വ്യവസായത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

21 [*351]ശ്രീ.കെ. പി. മോഹനൻ :

,, സി. കെ. നാണു :

,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി കേരളം സന്ദർശിച്ചപ്പോൾ കേരളത്തിലെ ചെറുകിട വ്യവസായത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര സർക്കാർ മുമ്പാകെ എന്തെങ്കിലും നിവേദനം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ സാമ്പത്തിക വർഷം കൈത്തറി, കയർ, കശുവണ്ടി തുടങ്ങിയ ചെറുകിട വ്യവസായങ്ങളെ സഹായിക്കാൻ കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേകമായി എന്തെങ്കിലും സഹായം കേരള സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സാമ്പത്തിക സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ)യും (ബി)യും ഉണ്ട്. കയർ, കശുവണ്ടി, കൈത്തറി, ഹാന്റി ക്രാഫ്റ്റ്സ് ഇവയുടെ 'ടെക്നോളജി'യും വിപണനവും വികസിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly